# മഹാരാഷ്ട്രാ സെസ്സിൽ സാമൂഹ്യ ഓഡിറ്റ് തുടങ്ങി

മീനാ മേനോൻ

റായ്ഗഢ് : പ്രത്യേക സാമ്പത്തിക മേഖലകളിലെ ആദ്യത്തെ പൊതു ഓഡിറ്റിൽ സംസാരിച്ചവരൊക്കെയും ഇത്തരം മേഖലകൾ അനുവദിയ്ക്കുന്നതിന്റെ നിയമസാധുതയെ ചോദ്യം ചെയ്തു. ഇത്തരം അനീതികളെ പ്രോത്സാഹിപ്പിക്കുന്ന പ്രവൃത്തികളിൽനിന്നും സർക്കാർ പിന്മാറണമെന്നും അവർ ആവശ്യപ്പെട്ടു.

മഹാരാഷ്ട്രാ സംസ്ഥാനത്തിലെ ദുരിതമനുഭവിക്കുന്ന എട്ടു ജില്ലകളിൽ നിന്നുള്ള കർഷകരടക്കമുള്ള ജനങ്ങൾ പ്രഗത്ഭരുൾപ്പെട്ട പാനലിനു മുമ്പാകെ അവരുടെ കേസുകൾ അവതരിപ്പിച്ചു. എഴുത്തുകാരനും പത്രപ്രവർത്തകനുമായ പ്രഭാത് ജോഷി, ബാംഗ്ലൂർ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ അക്കാദമിക് ഡീനും ബോർഡ് മെമ്പറുമായ പ്രൊഫ. ത്രിലോചൻ ശാസ്ത്രി, ജനകീയ പ്രവർത്തകനായ ആനന്ദ് തെൽതുംഡെ, ഇന്ത്യ ഗവൺമെന്റ് മുൻ ഊർജ്ജ സെക്രട്ടറി ശ്രീ. ഇ. എ. എസ്. ശർമ്മ, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ചിലെ പ്രൊഫ: സ്വപ്ന ബാനർജി ഗുഹ, നിർമ്മല നികേതൻ സോഷ്യൽ വർക്ക് കോളേജിലെ പ്രൊഫ: മേരി അൽഫോൺസ് എന്നിവരുൾപ്പെട്ടതാണ് ഈ ഓഡിറ്റ് പാനൽ.

മറ്റ് ഏഴു സംസ്ഥാനങ്ങളിലെകൂടി പൊതു ഓഡിറ്റിനുശേഷം ഈ വർഷം അവസാനം ദർഹിയിൽ ഇത്. അവസാനിക്കും. അതിനുശേഷം കേന്ദ്ര സർക്കാരിലേക്ക് ഒരു റിപ്പോർട്ട് സമർപ്പിയ്ക്കാനാണ് പരിപാടി.

ജനകീയ സമരങ്ങൾക്കായുള്ള ദേശീയസഖ്യവും വിവരങ്ങളറിയാനുള്ള ജനങ്ങളുടെ ദേശീയ വേദിയും മറ്റു സംഘടനകളും ഒത്തുചേർന്നുകൊണ്ടാണ് ഈ സാമൂഹ്യ ഓഡിറ്റ് സംഘടിപ്പിച്ചിട്ടുള്ളത്.

202 പ്രത്യേക മേഖലകൾ തുടങ്ങാനിരിക്കുന്ന മഹാരാഷ്ട്ര സംസ്ഥാനമാണ് സെസ്സിന്റെ കാര്യത്തിൽ മുന്നിൽ നില്ക്കുന്നത്. ഇതിൽ 57 എണ്ണം പ്രഖ്യാപിച്ചു കഴിഞ്ഞു.

റിലയൻസ് ഗ്രൂപ്പിന്റെ മുംബൈ സെസ്സിനെതിരെയുള്ള കർഷകരുടെ സമരം ഏകദേശം വിജയത്തിലേയ്ക്കെത്തുകയാണ്. ചില ഗ്രാമങ്ങൾ ഈ മേഖലയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ എന്നറിയാനുള്ള സംസ്ഥാന സർക്കാർ കഴിഞ്ഞവർഷം നടത്തിയ റെഫറിങ്ങിന്റെ ഫലങ്ങൾ ഇനിയും പുറത്തു വന്നിട്ടില്ല. മുംബൈ സെസ്സിനെ എതിർക്കുന്ന ഗ്രൂപ്പുകൾ പറയുന്നത്, 95 ശതമാനത്തിലധികം ജനങ്ങളും പദ്ധതിയെ നിരാകരിക്കുന്നുവെന്നാണ്. അതുപോലെത്തന്നെ ഹേതാവാനെ ഡാം പരിസരത്തുള്ള വില്ലേജുകളെ ഉപേക്ഷിക്കണമെന്നും അവർ ആവശ്യപ്പെടുന്നു. ഡാമിന്റെ ഗുണങ്ങൾ സർക്കാർ ജനങ്ങൾക്ക് നിഷേധിയ്ക്കുകയാണ് ഇപ്പോഴും. ഈ പ്രദേശങ്ങളിലൊക്കെയുള്ള കർഷകർ ഭൂമി വിട്ടുപോകുന്ന പ്രശ്നമില്ലെന്ന് ഒരിയ്ക്കൽകൂടി ഉറപ്പിച്ചു പറഞ്ഞു.

കർഷകനും റിട്ടയേർഡ് അദ്ധ്യാപകനുമായ ആത്മാറാം മോക്കൽ തന്റെ പതിനൊന്നേക്കർ ഭൂമിയിൽനിന്നുള്ള ആദായംകൊണ്ടാണ് ജീവിച്ചുപോരുന്നത്. മക്കളിൽ രണ്ടുപേരെ ഡോക്ടർമാരാക്കി. ഇപ്പോഴും മണ്ണിലദ്ധ്വാനിച്ചു ജീവിക്കുന്നു. മറ്റൊരു ബിരുദധാരിയായ മകൻ 'ഭൂമി എന്റെ അമ്മയെപ്പോലെയാണ്, എനിക്കെങ്ങനെ അതു വില്ക്കാൻ കഴിയും?' സാമൂഹ്യ ഓഡിറ്റിനുവേണ്ടി ഒത്തുകൂടി ദിവ് ഗ്രാമവാസികളോട് അദ്ദേഹം ചോദിച്ചു.

ഫലഭൂയിഷ്ടമായ കാർഷികഭൂമി നോട്ടമിട്ടുള്ള റിലയൻസ് ഗ്രൂപ്പിന് മറ്റ് ലക്ഷ്യങ്ങളുണ്ടെന്ന് കർഷകർക്കറിയാം. ഏക്കറിന് 200 ക്വിന്റൽ നെല്ലെനിക്കു കിട്ടും. കൂടാതെ, മറ്റ് വിളകളിൽ നിന്നുള്ള ആദായവും. ഈ ഭൂമി വില്ക്കാൻ ഞാനൊരുക്കമല്ല." ശ്രീ. മൊകാൽ പറഞ്ഞു. വ്യാജ നാമങ്ങളിലുള്ള ഭൂമി ഇടപാടുകൾക്കെതിരെ പോലീസ് നിരവധി കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. റിലയൻസിന്റെ മുംബൈ സെസ്സിനെതിരെ പ്രതിഷേധിയ്ക്കുമ്പോൾ തന്നെ സംസ്ഥാനത്ത് വരാനിരിക്കുന്ന മറ്റ് സെസ്സുകൾക്കെതിരെയും ജനങ്ങൾ സമരരംഗത്താണ്. റിലയൻസ് പത്തുലക്ഷം വില പറഞ്ഞതിനേക്കാൾ വളരെ കുറച്ച് വിലക്ക്, ഒരു സ്വകാര്യകമ്പനി 1100 ഹെക്ടറോളം ഭൂമി ഇടപാടു ചെയ്തതായി നാഷികിൽ നിന്നുമുള്ള ശ്രീ. ഉത്തം ബോഢ്കെ പറഞ്ഞു. സംസ്ഥാന സർക്കാരാണ് ഇതിന് ഒത്താശ ചെയ്തുകൊടുത്തത്. നാഷിക് ജില്ലയിലെ സിന്നാർ താലൂക്കിൽ ഇത്തരം വില്പനകൾ പലതുമുണ്ടായെന്ന് അദ്ദേഹം പറഞ്ഞു. കൂടാതെ കർഷകർക്ക് ജോലിയും വീടുകളും വരെ വാഗ്ദാനം ചെയ്യപ്പെട്ടുവത്രെ! "അടുത്തുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ സഹായത്താൽ പച്ചക്കറികളും മറ്റും കൃഷി ചെയ്തും കന്നുകാലിവളർത്തിയും ഞങ്ങൾ തൃപ്തരായി ജീവിച്ചുപോകുന്നു. സർക്കാർ എന്തിനാണ് ഞങ്ങളെ ഉപദ്രവിക്കുന്നത്?" ജനങ്ങൾ ഒരു കഷ്ണം ഭൂമിപോലും നല്കാനില്ലെന്ന് ഉറപ്പിച്ചു കഴിഞ്ഞു. ശ്രീ. ബോഢ്കെ തുടർന്നു പറഞ്ഞു.

2005-2006 കാലത്ത് ഏറ്റവും കൂടുതൽ അപകടകരങ്ങളായ പ്രതിഷേധങ്ങൾക്ക് സാക്ഷ്യം വഹിച്ച പൂനയിലാണ് ഏറ്റവും കൂടുതൽ സെസ്സുകൾ ഉദ്ദേശിച്ചിട്ടുള്ളത്. മഹാരാഷ്ട്രാ വ്യവസായവികസന കോർപ്പറേഷന്റെ നേതൃത്വത്തിലുള്ള ഭൂമി ഏറ്റെടുക്കലുകൾക്കെതിരെയും ഉൽക്കണ്ഠ രേഖപ്പെടുത്തുകയുണ്ടായി. ഏറ്റെടുത്ത ഈ വിശാലഭൂമി മുഴുവൻ പിന്നീട് സ്വകാര്യ കമ്പനികൾക്ക് കൈമാറുമെന്ന് സംശയിക്കപ്പെടുന്നു.

നിലവിലുള്ള സെസ്സ് നിമയത്തിനെതിരെയും ജനങ്ങൾ ശബ്ദമുയർത്തി. അവ പെട്ടെന്ന് പിൻവലിയ്ക്കണമെന്ന് ആവശ്യപ്പെട്ടു, അവർ. അടിച്ചമർത്തലിന്റെ നൂതന സങ്കേതമായിട്ടാണ് ഇപ്പോൾ സെസ്സുകൾ ജനങ്ങൾക്കുമേൽ ഉപയോഗിയ്ക്കപ്പെടുന്നത്. ജനങ്ങളുടെ ഭൂമിയിലുള്ള അവകാശത്തെ അത് ബലം പ്രയോഗിച്ച് നിരാകരിയ്ക്കുന്നു. വിവരാവകാശ പ്രവർത്തകയായ അരുണാ റോയ്, സാമൂഹ്യ ഓഡിറ്റിൽ പങ്കെടുക്കവേ പറഞ്ഞത്, യാതൊരു ചർച്ചയും കൂടാതെയാണ് സർക്കാർ സെസ്സ് നിയമം പ്രഖ്യാപിച്ചത് എന്നാണ്." നിലവിലുള്ള ഭരണഘടനക്കെതിരെ രാജ്യത്ത് എങ്ങനെയാണ് ഒരു നിയമമുണ്ടാക്കാൻ കഴിയുക? അവർ ചോദിച്ചു.

*(ഹിന്ദു 16-09-09) പരിഭാഷ : അജിതൻ കെ.ആർ.*